B

706

വാർഷിക മൂല്യനിർണയം 2017-18

ക്ലാസ്സ് : VII | അടിസ്ഥാനശാസ്ത്രം | സമയം: 2 മണിക്കൂർ

## നിർദേശങ്ങൾ

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. പത്തു പ്രവർത്തനങ്ങളാണ് ആകെ ഉൾപ്പെടുത്തിയിട്ടുള്ളത്. അതിൽ നിന്നും നിങ്ങൾക്ക് നന്നായി അറിയാവുന്ന എട്ടു പ്രവർത്തനങ്ങൾക്ക് ഉത്തരമെഴുതിയാൽ മതി.
3. ഓരോ പ്രവർത്തനത്തിനും അഞ്ച് പോയിന്റ് വീതം. ആകെ 40 പോയിന്റ്

### പ്രവർത്തനം - 1

ഗ്ലാസ്, ഡ്രോപ്പർ, തുണിക്കഷണം, അടിഭാഗത്ത് ദ്വാരമുള്ള ചിരട്ട എന്നിവ ഉപയോഗിച്ച് ഒരു കുട്ടി ചരൽ മണ്ണ്, പറമ്പിലെ മണ്ണ് എന്നിവയുടെ ജലാഗിരണശേഷി പരിശോധിക്കാൻ തീരുമാനിച്ചു.

(എ) ഈ പരീക്ഷണം ചെയ്യുമ്പോൾ ശരിയായ പരീക്ഷണഫലം ലഭിക്കുന്നതിന് എന്തെല്ലാം കാര്യങ്ങൾ ശ്രദ്ധിക്കണം?

(ബി) മണ്ണിന്റെ ജലാഗിരണശേഷിയെ സ്വാധീനിക്കുന്ന ഏതെങ്കിലും രണ്ടു ഘടകങ്ങൾ എഴുതുക.

(സി) മനുഷ്യൻ വലിച്ചെറിയുന്ന വസ്തുക്കളിൽ മണ്ണിൽ അലിഞ്ഞുചേരാത്തവയിൽ ഏതെങ്കിലും ഒരെണ്ണത്തിന്റെ പേരെഴുതുക

### പ്രവർത്തനം - 2

താഴെ കൊടുത്തിരിക്കുന്ന ചിത്രം നിരീക്ഷിക്കൂ.



കേരളത്തിലെ രാത്രിസമയത്തെ ഒരു കടൽത്തീരദൃശ്യമാണ് ചിത്രത്തിൽ കാണിച്ചിരിക്കുന്നത്.


(എ) ചിത്രം വിശകലനം ചെയ്ത് ചിത്രത്തിൽ തെറ്റുണ്ടെങ്കിൽ കണ്ടെത്തി എഴുതുക.

(ബി) ഭൂമധ്യരേഖാപ്രദേശത്ത് അനുഭവപ്പെടുന്ന കാറ്റിനെ വായുവിന്റെ താപീയവികാസം എന്ന പ്രതിഭാസത്തിന്റെ അടിസ്ഥാനത്തിൽ വിശദീകരിക്കുക.

(സി) കടൽക്കാറ്റ് എവിടെനിന്ന് എങ്ങോട്ടാണ് വീശുന്നത്?

**പ്രവർത്തനം - 3**

(എ) താഴെ തന്നിരിക്കുന്ന പട്ടിക പൂർത്തിയാക്കുക.


| ഉച്ഛ്വാസവായു | | നിശ്വാസവായു |
|---|---|---|
| ഓക്സിജൻ<br>a. ...................... % |  | ഓക്സിജൻ<br>15% |
| കാർബൺഡൈ ഓക്സൈഡ്<br>0.04 % | | കാർബൺ ഡൈ ഓക്സൈഡ്<br>b. ...................... % |
| നൈട്രജൻ<br>c. ...................... % | | നൈട്രജൻ<br>78% |
| ജലബാഷ്പം<br>0.96 % | | ജലബാഷ്പം<br>d. ...................... % |

(ബി) ഉച്ഛ്വാസവായുവിലും നിശ്വാസവായുവിലും ഓക്സിജൻ, കാർബൺ ഡൈഓക്സൈഡ് എന്നിവയുടെ അളവിൽ വ്യത്യാസമുണ്ടോ? കാരണമെന്ത്?

(സി) ഒരു ഗ്ലാസിലെ തെളിഞ്ഞ ചുണ്ണാമ്പുവെള്ളത്തിലേക്ക് സ്ട്രോ ഉപയോഗിച്ച് ഊതുകയാണെങ്കിൽ എന്ത് മാറ്റമാണ് ഉണ്ടാകുന്നത്?

**പ്രവർത്തനം - 4**

ചുവടെ നൽകിയിരിക്കുന്ന രക്തകോശങ്ങളുടെ ചിത്രം നിരീക്ഷിക്കൂ.




(എ) രക്തകോശങ്ങൾ (a, b, c)തിരിച്ചറിഞ്ഞ് പേരെഴുതുക.

(ബി) ഇവയിൽ ഹീമോഗ്ലോബിൻ കാണപ്പെടുന്ന രക്തകോശം ഏതാണ്?

(സി) നമ്മുടെ ശരീരത്തിൽ ഹീമോഗ്ലോബിൻ നിർവഹിക്കുന്ന പ്രധാന ധർമമെന്താണ്?

## പ്രവർത്തനം - 5

ഒരു ക്ലാസ്റൂം പ്രവർത്തനത്തിന്റെ നിരീക്ഷണഫലങ്ങൾ ചുവടെ പട്ടികയിൽ തന്നിരിക്കുന്നു.

| പരീക്ഷണവസ്തു | നിറംമാറ്റം |
|---|---|
| നാരങ്ങാനീര് | നീല ലിറ്റ്മസിനെ ചുവപ്പാക്കുന്നു |
| ചുണ്ണാമ്പുവെള്ളം | ചുവന്ന ലിറ്റ്മസിനെ നീലയാക്കുന്നു |
| ശുദ്ധജലം | നിറംമാറ്റമില്ല |
| വിനാഗിരി | നീല ലിറ്റ്മസിനെ ചുവപ്പാക്കുന്നു |
| ചാരലായനി | ചുവന്ന ലിറ്റ്മസിനെ നീലയാക്കുന്നു |
| ഉപ്പുവെള്ളം | നിറം മാറ്റമില്ല |


(എ) പട്ടികയിൽ തന്നിരിക്കുന്ന പദാർത്ഥങ്ങളെ ഉചിതമായി തരംതിരിക്കുക.

(ബി) നിറം മാറ്റമില്ലാത്ത വസ്തുക്കളുടെ PH മൂല്യം എത്രയായിരിക്കും?

(സി) നിർവീരീകരണപ്രവർത്തനത്തിന് ഒരു ഉദാഹരണമെഴുതുക.

## പ്രവർത്തനം - 6

ചിത്രം നിരീക്ഷിക്കുക.



(എ) ഈ പ്രവർത്തനത്തിൽ ഏതെല്ലാം രീതികളിലുള്ള താപപ്രേഷണം നടക്കുന്നു? വിശദമാക്കുക.

(ബി) ചായ പാത്രത്തിന്റെ കൈപ്പിടി കുചാലകവസ്തുകൊണ്ട് നിർമിക്കുന്നതിനുള്ള കാരണമെന്തായിരിക്കും?

(സി) വാതകങ്ങളിലും ദ്രാവകങ്ങളിലും പ്രധാനമായും ഏത് രീതിയിലാണ് താപപ്രേഷണം നടക്കുന്നത്?

exam WINNER

## പ്രവർത്തനം – 7

നമ്മുടെ ദഹനേന്ദ്രിയവ്യവസ്ഥയിലെ ചില അവയവങ്ങൾ ചുവടെ നൽകിയിരിക്കുന്നു

വായ്   ചെറുകുടൽ

വൻകുടൽ   ആമാശയം

മലദ്വാരം   അന്നനാളം


എ. ഈ അവയവങ്ങൾ ഉൾപ്പെടുത്തി ദഹനേന്ദ്രിയവ്യവസ്ഥയുടെ ഫ്ളോ ചാർട്ട് രൂപീകരിക്കുക.

ബി. ആഹാരത്തിന്റെ ദഹനം പൂർത്തിയാകുന്നത് ദഹനേന്ദ്രിയവ്യവസ്ഥയുടെ ഏതു ഭാഗത്തു വച്ചാണ്?

സി. ജലത്തിന്റെ ഭൂരിഭാഗവും ആഗിരണം ചെയ്യപ്പെടുന്നത് എവിടെ വച്ചാണ്?

## പ്രവർത്തനം – 8

പാലിന്റെ മൂന്നു സാമ്പിളുകളിൽ വെള്ളം ചേർത്തിട്ടുണ്ടോ എന്ന് പരിശോധിക്കുന്ന പ്രവർത്തന ത്തിന്റെ ചിത്രീകരണമാണ് ചുവടെ കൊടുത്തിരിക്കുന്നത്.



സാമ്പിൾ 1   സാമ്പിൾ 2   സാമ്പിൾ 3

(എ) ഇതിൽ ശുദ്ധമായ പാലിന്റെ സാമ്പിൾ ഏത്? എന്തുകൊണ്ട്?

(ബി) പാലിന്റെ ഗുണനിലവാരം അളക്കുന്ന ഈ ഉപകരണമേത്?

(സി) പാലിൽ മായം കലർത്തിയിട്ടുണ്ടോയെന്ന് എങ്ങനെയെല്ലാം കണ്ടെത്താം?

## പ്രവർത്തനം – 9

(എ) ഉപ്പുജലത്തിൽ സൂക്ഷിച്ച കണ്ണിമാങ്ങ ചുക്കിച്ചുളിയുന്നത് കാണാം. ഇതിനുള്ള കാരണം വിശദീകരിക്കുക.

(ബി) പാൽ കേടുവരാതെ സൂക്ഷിക്കുന്നതിനുള്ള ആധുനികരീതി എന്ത്? വിശദീകരിക്കുക.

(സി) ഭക്ഷണപദാർത്ഥം കേടുകൂടാതെ സൂക്ഷിക്കുവാൻ കഴിയുന്ന മറ്റു രണ്ടുമാർഗങ്ങൾ എഴുതുക.